**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6410** **20-03-2023 - ൽ മറുപടിയ്ക്ക്**

**കാട്ടുതീ പ്രതിരോധം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനമേഖലയിലേക്ക് അഗ്നിശമന വാഹനങ്ങൾ വേഗത്തിൽ കടന്നു ചെല്ലുവാൻ കഴിയുന്ന തരത്തിലുള്ള റോഡുകളുടെ അഭാവം, കാട്ടുതീ പ്രതിരോധത്തെ ദോഷകരമായി ബാധിക്കുന്നുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (എ) | വനമേഖലയിൽ കാട്ടുതീ ഉണ്ടായാൽ സാധാരണയായി വനം വകുപ്പ് ജീവനക്കാർ വനസംരക്ഷണ സമിതി( വി.എസ്.എസ്) / ഇക്കോഡവലപ്പമെന്റ് കമ്മിറ്റി( ഇ.ഡി.സി) അംഗങ്ങൾ /ഫയർ വാച്ചർമാർ എന്നിവരുടെ കൂട്ടായ പരിശ്രമത്താലാണ് തീ അണയ്ക്കുന്നത്. കാട്ടുതീ പടരാതിരിക്കാൻ ഫയർ ലൈൻ, ഫയർ ബ്രേക്ക്, കൺട്രോൾ ബേണിംഗ്,കൗണ്ടർ ഫയർ എന്നീ പ്രതിരോധ പ്രവർത്തനങ്ങൾ സ്വീകരിച്ചിട്ടുണ്ട്.<br><br>വനത്തിനുള്ളിലേക്കുള്ള പ്രധാന കൂപ്പ്റോഡുകൾ, ട്രക്ക് പാത്തുകൾ എന്നിവ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് മുൻഗണനാ ക്രമത്തിൽ ഗതാഗത യോഗ്യമാക്കിയിട്ടുണ്ട് .<br><br>വനാതിർത്തിയിൽ കാട്ടുതീ പടരാതിരിക്കുവാനായി കാട്ടുതീ ഉണ്ടാകുവാൻ ഇടയുള്ള പ്രദേശങ്ങളിൽ നിരീക്ഷണത്തിനായി വനാശ്രിതരായ വി.എസ്.എസ്/ ഇ.ഡി.സി. അംഗങ്ങളെ ഫയർ വാച്ചർമാരായും, ഫയർ ഗ്യാങ്ങുകളിലും നിയോഗിച്ചിട്ടുള്ളതും ഇത്തരം സ്ഥലങ്ങളിൽ ജീവനക്കാർ നിരന്തരം പെട്രോളിംഗ് നടത്തി വരുന്നുമുണ്ട്.<br><br>വനത്തിൽ നിന്നും ജനവാസ മേഖലകളിലേക്ക് തീ പടരുന്ന സാഹചര്യം ഉണ്ടാകുമ്പോൾ മാത്രമാണ് അഗ്നിശമന സേനയുടെ സേവനം ഉപയോഗപ്പെടുത്തുന്നത്. |

സെക്ഷൻ ഓഫീസർ